## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.4023** **16.03.2017-ൽ മറുപടിയ്ക്ക്.**

### പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ അവലോകനം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്തി അർഹതപ്പെട്ട റിസർവേഷൻ ശതമാനം പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദ വിവരം നൽകുമോ; | (എ) | ഉണ്ട്, സർക്കാർ വകുപ്പുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു വരുന്നു. ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ്വ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ എല്ലാ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുകയും ഇവ ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിച്ച് അതത് വകുപ്പുകൾക്ക് നൽകാറുമുണ്ട്. കേരള സർക്കാരിന് കീഴിലുള്ള 83 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനു അഡീഷണൽ ചീഫ് സെക്രട്ടറി, (ജലവിഭവ വകുപ്പ്) അദ്ധ്യക്ഷനായും, പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റി വകുപ്പ് അദ്ധ്യക്ഷൻമാരെക്കൂടി പങ്കെടുപ്പിച്ച് സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. നിയമന നടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും, പി.എസ്.സി-യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.1.2017-ൽ എല്ലാ സെക്രട്ടറിമാരേയും വകുപ്പ് അദ്ധ്യക്ഷൻമാരേയും പങ്കെടുപ്പിച്ച് കൊണ്ട് ഒരു അവലോകന യോഗം ചേരുകയും നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡേറ്റാ ബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അവലോകന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും പരിഹരിക്കപ്പെട്ട ന്യൂനതകളുടെ വിശദാംശവും ലഭ്യമാക്കുമോ? | (സി) | ത്രൈമാസ അവലോകന റിപ്പോർട്ടിന്റെയും അവലോകന യോഗങ്ങളുടെയും അടിസ്ഥാനത്തിൽ റിസർവ്വ് ചെയ്ത് നൽകിയിട്ടും നിയമനം വൈകുന്ന വകുപ്പുകളിൽ നിയമന നടപടികൾ ത്വരിതപ്പെടുത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന നടപടികൾ വേഗത്തിലാക്കുന്നത് സംബന്ധിച്ച് പി.എസ്.സി-യുമായി ചർച്ച നടത്താൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക നിയമനത്തിനായി ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത വിഷയം സംബന്ധിച്ച് പഠനം നടത്തി ഇടക്കാല റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**